# വൈദേശിക യുക്തിവാദം

ഡേവീസ് വളർക്കാവ്

**10 വർഷം മുമ്പ് 'യുക്തിരേഖ' പത്രാധിപർ പവനന് അയച്ചുകൊടുത്തതും പ്രസിദ്ധീകരണ യോഗ്യമല്ല എന്ന പേരിൽ തിരിച്ചയച്ചതുമായ ലേഖനം. പവനനും ഇടമറുകിനും സമർപ്പിക്കുന്നു.-ലേഖകൻ**

യുക്തിവാദത്തെക്കുറിച്ച് വിമർശനം മതമേഖലയിൽനിന്നാണ് കൂടുതലും. യുക്തിവാദ പക്ഷത്തുനിന്നുള്ള വിമർശനം കുറവാണ്. യുക്തിവാദം എത്രത്തോളം യുക്തിവാദമാണ്. ആ യുക്തിവാദം തന്നെ എത്രത്തോളം ഭാരതീയവും കേരളീയവുമാണ് എന്നൊരന്വേഷണമാണ് ഈ ലേഖനം ഉദ്ദേശിക്കുന്നത്.

ഭാരതത്തിനും കേരളത്തിനും യുക്തിചിന്തയുടേതായ സവിശേഷ പാരമ്പര്യമുണ്ട്. വൈജ്ഞാനിക സാഹിത്യത്തിലും ധർമ്മശാസ്ത്രങ്ങളിലും ശ്രുതി, യുക്തി, അനുഭവം എന്നിങ്ങനെയാണ് സത്യത്തെ കണ്ടെത്താൻ ഉപാധികൾ നിർദ്ദേശിക്കുന്നത്. ബൗദ്ധപാരമ്പര്യം ശ്രുതിയെ നിരാകരിക്കുമ്പോഴും യുക്തിയേയും അനുഭവത്തേയും ഉയർത്തിപ്പിടിക്കുന്നുണ്ട്. ആത്മസാക്ഷാത്ക്കാരത്തിന് ജ്ഞാനയോഗം സുസമ്മതമാണ് ഭാരതത്തിന്. കേരളത്തിൽ യുക്തി ചിന്തയുടെ വേര് ആഴ്ന്നിറങ്ങിയിട്ടുള്ളതാണ്. നാരായണഗുരു മുതൽ പവനൻ വരെ ഈ ചിന്തയുടെ സാരഥികളാണ്. പക്ഷെ, കേരളത്തിലെ ഇന്നത്തെ യുക്തിവാദം ദേശീയ പാരമ്പര്യങ്ങളോട് പുറംതിരിഞ്ഞ് നിൽക്കുകയും വൈദേശിക യുക്തിവാദം സ്വീകരിക്കുകയും ചെയ്തതായി കാണാം.

## വൈദേശിക സ്വാധീനം

ഗ്രീക്ക് യൂറോപ്യൻ തത്വചിന്തകരെ കേരളത്തിലെ ഒരു യുക്തിവാദി സാമാന്യമായി അറിയുകയും ഭാരതീയരായ ഗുരുക്കന്മാരേയും ജ്ഞാനികളേയും തീരെ അറിയാതിരിക്കുകയും ചെയ്യുന്നത് ഇതുകൊണ്ടാണ്. ലൂക്രിഷ്യസ്, തെയിൽസ്, എപ്പിക്യൂറസ്, ഡെമോക്രീറ്റസ്, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ, പ്ലേറ്റോ, പെത്തഗോറസ്, ആർക്കുമെഡീസ്, ബ്രൂണോ, ഗലീലിയോ, ഡാർവ്വിൻ തുടങ്ങിയ മഹാരഥന്മാരെ അറിയുമ്പോൾ തന്നെ ഇന്ത്യയിലെ കണാദൻ, കപിലൻ, പതഞ്ജലി, ജൈമിനി, ബാദരായണൻ, ബ്രഹസ്പതി, യാജ്ഞവൽക്യൻ, കഠൻ, വിപ്പിലാദൻ, വസിഷ്ഠൻ, വള്ളുവർ, ശ്രീബുദ്ധൻ, മഹാവീരൻ, നാനാക്ക്, നാഗാർജ്ജുനൻ, ഭർതൃഹരി, രാമാനുജൻ, മാധ്വാചാര്യർ, ശ്രീശങ്കരൻ തുടങ്ങിയവരെക്കുറിച്ചുള്ള പരിചയം തുലോം കുറവാണ്. തൽഫലമായി ആശയരംഗത്ത് വികലമായൊരു യുക്തിവാദം ഇവിടെ ആധിപത്യം നേടി.

## യുക്തിവാദത്തിലെ ത്രിത്വസങ്കൽപ്പം

### ഒന്ന് : ശാസ്ത്രം

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, ബ്രഹ്മവിഷ്ണുമഹേശ്വരൻ എന്നപോലെ ശാസ്ത്രം, ഭൗതികവാദം, നിരീശ്വരത്വം എന്ന ത്രിത്വത്തെ യുക്തിവാദികൾ പൂജിക്കുന്നു. മനുഷ്യരുടെ വിവിധ വിജ്ഞാന സമ്പാദന രീതികളെ-വിശ്വാസം, അനുഭവം, ഭാവന, സങ്കൽപ്പം, സ്വപ്നം, വെളിപാട്, പ്രവചനം-എന്നിവയെ യുക്തിയുടെ ഖഡ്ഗം കൊണ്ട് നിർദ്ദയം അരിഞ്ഞുവീഴ്ത്തി പരീക്ഷണനിരീക്ഷണങ്ങൾക്കുവേണ്ടി ആഹ്വാനം ചെയ്യുന്ന ശാസ്ത്രത്തിന്റെ ഏകവഴിയെ ഇത് സ്ഥാപിക്കാൻ ശ്രമിക്കുന്നു. അങ്ങിനെ ശാസ്ത്രത്തിന്റെ രൂപത്തിൽ കടന്നുവന്ന വൈദേശിക സമീപനങ്ങളെ ഇവിടെ ചെറുക്കേണ്ടവർ തന്നെ വരവേറ്റു. ഇതിനെ തുടർന്ന് യുക്തിവാദം എന്നാൽ ശാസ്ത്രവാദം എന്ന് വിശേഷിക്കപ്പെട്ടു. ശാസ്ത്രം സത്യമെന്ന് ഘോഷിക്കപ്പെട്ടു. ശാസ്ത്രത്തിനു പിറകെ സാങ്കേതിക വിദ്യക്കും രാജവീഥികൾ ഒരുക്കപ്പെട്ടു. വികസനം, നാഗരികത, ശാസ്ത്രീയത എന്ന പ്രഘോഷണം എങ്ങും നിറഞ്ഞുനിന്നു. കണ്ടെത്താനും കീഴടക്കാനും ദാഹിച്ചുവശായ യൂറോപ്പിന്റെ തലച്ചോറ് ഭാരതീയരുടെ ഹൃദയത്തിനുമേലെ ആധിപത്യം ഉറപ്പിച്ചു.

ഭാരതീയ ശാസ്ത്രമാകട്ടെ തലമുറകളിലൂടെയുള്ള മനുഷ്യജീവിതത്തെ നിരീക്ഷിച്ച ക്രാന്തദർശികളുടെ ആശയക്രോഡീകരണങ്ങളാണ്. തെളിവുകൾക്ക് അത് മുഖ്യസ്ഥാനം നൽകുന്നില്ല. വെളിവുകളാണ് അതിന്റെ സ്വഭാവം. ഭാരതീയമായ ആയുർശാസ്ത്രവും, നാട്യശാസ്ത്രവും കാമശാസ്ത്രവും, തർക്കശാസ്ത്രവും, ധർമ്മശാസ്ത്രങ്ങളും, ജ്യോതിശാസ്ത്രവും, സൗന്ദര്യശാസ്ത്രവും, ഗണിതശാസ്ത്രവും, ലോഹശാസ്ത്രവും, തച്ചുശാസ്ത്രവുമെല്ലാം. പക്ഷിശാസ്ത്രംഗൗളിശാസ്ത്രം എന്നിവയെപ്പോലെ വലിച്ചെറിയപ്പെട്ടു. അതുമൂലം ഒരു സംസ്കൃതിയുടെ കരുതിയിരിപ്പുകൾ തകരുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു.

### രണ്ട് : ഭൗതികവാദം

പ്രപഞ്ചത്തെ നിരീക്ഷിച്ചിരുന്ന വ്യത്യസ്ത ജനവിഭാഗങ്ങളുടെ വിവിധങ്ങളായ-മതപരവും, ദർശനപരവുമായ-കാഴ്ചകൾക്കുമേലെ ഭൗതികവാദത്തിന്റെ കണ്ണടകൾ വണ്ടിക്കുതിരക്കുമാത്രം ചേർന്നവിധം കെട്ടിവെച്ചു. ഭൗതികം-ആത്മീയം എന്നുവരെ തത്വചിന്തയെ പകുത്തുകയും ഭൗതികമാത്രവാദത്തിന്റെ കൊടിപറത്തുകയും ചെയ്തു. പ്രകൃതിയിൽ വാസം ചെയ്യുമ്പോഴും അതിന്റെ നൈമിഷികതയിലും, പോരഅനശ്വരതയിലും ബോധമുണ്ടായിരുന്നവരുടെ നാടാണ് ഭാരതം. പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യരുടെ അന്തർമണ്ഡലങ്ങളിൽ സൃഷ്ടിക്കുന്ന അനുഭൂതിയിലും ശ്രദ്ധാലുക്കളായിരുന്നു പൂർവ്വമനീഷികൾ. അതിനാൽ ഭൗതികം-ആത്മീയം എന്ന പേരിലൊരു പോരിന് ഇവിടെ ഇടമുണ്ടായിരുന്നില്ല. ഷഡ്ദർശനങ്ങളെ പകുത്താനുള്ള ശ്രമം സഹതാപം ഉണർത്തും. തത്വചിന്തയെ അങ്ങിനെ വേർപെടുത്തേണ്ടത് ആധുനിക കാലത്ത് വളർന്ന യൂറോ-ക്രൈസ്തവ വീക്ഷണം ശക്തിയെടുത്താൻ ഉദ്ദേശിച്ചുള്ളതായിരുന്നു.

### മൂന്ന് : നിരീശ്വരത്വം

യഹൂദ മതത്തിന്റെ തുടർച്ചയായതും, ക്രിസ്തുമതം പ്രചരിപ്പിക്കുന്നതുമായ വ്യക്തിദൈവ സങ്കൽപ്പത്തെ നിരാകരിച്ച

രീതിയിൽ ഭാരതീയമായ ഈശ്വരീയതയെ നിരാകരിക്കുകയും നിരീശ്വരത്വത്തെ യുക്തിവാദത്തിന്റെ പര്യായമായി സ്ഥാപിക്കുകയും ആണ് ഇവിടെ ഉണ്ടായത്. പരലോകം, മോക്ഷം, ആത്മാവ് എന്നിവയെ അടിസ്ഥാനമാക്കിയുള്ള അന്വേഷണങ്ങളും തർക്കങ്ങളും ഭാരതത്തിന്റെ ചിന്താലോകത്ത് ആവശ്യത്തിലേറെ നടന്നിട്ടുണ്ട്. അത് വേദപ്രാമാണ്യ നിരാസത്തിലും, യാഗ-യജ്ഞ വിമർശനത്തിലും, വിഗ്രഹാരാധനാ ഖണ്ഡനത്തിലും വരെ എത്തിയിട്ടുള്ളത്. പക്ഷെ നിരീശ്വരത്വം ഇവിടെ സ്വാഭാവികമായി ഉണ്ടായതല്ല. നാസ്തികതയാണ് ഭാരതീയ പാരമ്പര്യം. അതൊരിക്കലും ദൈവത്തെ മുഖ്യസ്ഥാനത്തു നിർത്തുന്നില്ല. പള്ളിയിലെ ദൈവത്തെ തള്ളിപ്പറയുന്നപോലെ ലളിതമല്ല ഭാരതീയമായ ഈശ്വരീയതയെ നിരസിക്കൽ.

മതവുമായി ഒരു ബന്ധവുമില്ലാത്ത ഈശ്വരീയത ഇവിടെ സമൃദ്ധമാണ്. വ്യക്തിസത്തയില്ലാത്ത ഈശ്വരീയതയും ഇതുപോലെ തന്നെയാണ്. യുക്തിവാദികൾ ഉദ്ധരിക്കാറുള്ള പാശ്ചാത്യ, പൗരസ്ത്യ ചിന്തകരിൽ പലരും ഈയൊരു ആത്മീയത-സെക്കുലർ സ്പിരിച്ച്വാലിറ്റി അംഗീകരിക്കുന്നവരാണ് എന്നത് ശ്രദ്ധേയമാണ്. അതുപോലെ ഈശ്വരരഹിതമായ ആത്മീയതപോലും ഇവിടെ സജീവമാണ്. പ്രാണൻ, ചൈതന്യം, പ്രപഞ്ചശക്തി, ബ്രഹ്മം എന്നിവ ഇതിനുദാഹരണങ്ങളാണ്. നാസ്തികതയുടെ സമദൃഷ്ടി, ജാതിമേധാവിത്വത്തിനെതിരായ നിലപാട്, പൗരോഹിത്യവിരോധം എന്നീ ചാർവാക മൂല്യങ്ങൾ വേണ്ടത്ര ഉയർത്തിപ്പിടിക്കാൻ പോലും യുക്തിവാദികൾക്കായില്ല. വിശാലമായൊരു പൊരുതുന്ന ദർശനം വെറും നിഷേധ മുദ്രാവാക്യമായി അധഃപതിച്ചു. നേതിസേതി എന്നു തുടങ്ങുന്ന അന്വേഷണം അന്യം വന്നിരിക്കുന്നു. വിശ്വാസികളുടെ സഭകളായി ചിന്തകരും ഒതുങ്ങി എന്നതാണ് സത്യം.

### സ്വാധീനങ്ങൾ

ഈസ്റ്റിന്ത്യാ കമ്പനിയുടെ വരവോടെ മെക്കാളെയുടെ വിദ്യാഭ്യാസത്തിലൂടെ, ആംഗ്ലോ-സ്വാധീനമുള്ള ബുദ്ധിജീവികളിലൂടെ, നവോത്ഥാന നായകരിലൂടെയാണ് യൂറോ-യുക്തിവാദത്തിന്റെ ആശയങ്ങൾ സംക്രമിക്കപ്പെട്ടത്. പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച പലർക്കും ബിരുദം മാത്രമല്ല പുതു വിഗ്രഹങ്ങളും ലഭിച്ചു. മറ്റു പലതിലും പടിഞ്ഞാറോട്ട് നോക്കികളായതുപോലെ സ്വതന്ത്രചിന്തയിലും ഈ പിടലിപിണക്കം സംഭവിച്ചു. തത്വചിന്തകർ പാശ്ചാത്യ ഇംഗർസോൾ, വോൾട്ടയർ, തോമസ് പെയ്ൻ, റസ്സൽ, വെൽസ്, സാർത്ര് തുടങ്ങിയവർ കൊച്ചു കേരളത്തിലും പ്രസിദ്ധരായി. എത്രയെത്ര ഗ്രന്ഥങ്ങളാണ് ഭൂമി മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടത്. കടന്നുവരവിലൂടെ ചിന്തകളുടെ സമൃദ്ധിക്കുപകരം സങ്കുചിതമാകുകയായിരുന്നു ഇവിടെ സംഭവിച്ചത്. യുക്തിയുടെ പ്രഭ പരന്നതേയില്ല. ഇവർക്കു സമകാലീനനായ സ്വാമി വിവേകാനന്ദനെവരെ യുക്തിവാദികൾ പരിഗണിച്ചില്ല.

### യുക്തിവാദികൾ

കേരളത്തിലെ യുക്തിവാദികളിൽ ഒട്ടേറെ ധാരകൾ ഉണ്ട്. അരാഷ്ട്രീയക്കാർ, കക്ഷിരാഷ്ട്രീയക്കാർ, സാംസ്കാരിക പ്രവർത്തകർ, യുക്തിവാദ വിശ്വാസികൾ, സുഖലോലുപന്മാർ, പ്രകൃതി സംരക്ഷകർ, കാര്യത്തോടടുക്കുമ്പോൾ കാലുമാറുന്നവർ ഇതിൽ പ്രധാനമായത് യൂറോ യുക്തിവാദവും, കേരളീയവും ഭാരതീയവുമായ യുക്തിവാദമാണ്. നാരായണഗുരു, ചട്ടമ്പിസ്വാമികൾ, ബ്രഹ്മാനന്ദ ശിവയോഗി, സഹോദരനയ്യപ്പൻ, വി.ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ എന്നിവർ ഭാരതീയ യുക്തിചിന്തയെ പ്രതിനിധീകരിക്കുന്നതായി പറയാവുന്നതാണ്. ഡോ. കോവൂർ, എം.സി. ജോസഫ്, ജോസഫ് ഇടമറുക്, യു. കലാനാഥൻ, എ.വി. ജോസ്, എം.ബി.കെ. തുടങ്ങിയവർ യൂറോ-ക്രൈസ്തവ യുക്തിവാദികളാണ്. ആധുനിക ശാസ്ത്രമാണ് ഇവരുടെ വിരാട് പുരുഷൻ. ആദ്യത്തെ കൂട്ടത്തിലുള്ളവർ സയൻസിനെ ചിലപ്പോഴൊക്കെ സ്വീകരിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. എങ്കിലും ഭാരതീയമായ ധർമ്മശാസ്ത്രങ്ങളിലാണ് കാലുറപ്പിച്ചിരിക്കുന്നത്. ഇന്നത്തെ യുക്തിവാദികളുടെ ത്രിത്വവിശ്വാസം ഇവർക്കില്ല. അതിനാൽതന്നെ ഇവർ നിരീശ്വരവാദികളോ ഭൗതികവാദികളോ, ശാസ്ത്രവാദികളോ അല്ല. സമന്വയത്തിന്റെയും സമഗ്രതയുടേയും നിലപാടാണിവരെടുക്കുന്നത്. സയൻസുകൊണ്ട് പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് നാരായണഗുരു പ്രതീക്ഷിക്കുന്നുണ്ട്. അതുപോലെ സയൻസിനെ തൊഴുന്നു ഞാൻ എന്ന് സഹോദരൻ പാടുന്നുമുണ്ട്. എങ്കിലും ശാസ്ത്രമല്ല യുക്തിദർശനമാണ് ഇവരുടെ നിലപാടുതറ എന്നു കാണാം. ഒരു ഗ്രന്ഥത്തിന്റെ പേരിൽ ഒതുങ്ങുന്നതല്ലല്ലോ യുക്തിദർശനം!

### വരളുന്നു

പവനനേയും നാരായണൻ പേരിയയേയും പോലുള്ള പ്രതിഭകൾ ഈ രണ്ടു ധാരകളേയും ഉൾകൊള്ളുന്നവരാണ്. പക്ഷെ, കാലം ആവശ്യപ്പെടുന്ന അന്വേഷണങ്ങൾക്ക് ഇവർക്ക് കരുത്തുപോരെന്ന് കാണാം. കേരളത്തിൽ ഭാരതീയവും, കേരളീയവുമായ യുക്തിവാദം തകർന്നടിഞ്ഞിരിക്കയാണ്. അഥവാ കൊളോണിയൽ യുക്തിവാദം കേരളത്തെ കീഴടക്കി എന്നുപറയാം. എങ്കിലും ജനകീയമായിട്ടില്ല എന്നത് ആശ്വാസത്തിന് വകതരുന്നുണ്ട്. പാരമ്പര്യത്തെ ഉന്മൂലനം ചെയ്യാനായില്ല എന്നത് ശുഭലക്ഷണമാണ്. പക്ഷെ, ചിന്താശീലരെ സ്വാധീനിക്കാനും ഉണക്കിക്കളയാനും ഇവരുടെ ദുഃസ്വാധീനത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റുകളെ പിന്നെ, ഡമോക്രാറ്റുകളെ, പിന്നെ സെക്യുലറിസ്റ്റുകളെ അല്ലെങ്കിലും ഇവർ ഒരേ തറവാട്ടുകാരാണല്ലോ.

### സാദ്ധ്യതകൾ

സ്ത്രീധന രഹിത വിവാഹങ്ങൾ മിശ്രവിവാഹങ്ങൾ, ലളിതജീവിതം, മതാതീത മാനവികത എന്നിവ യുക്തിവാദികളിലെ ശ്രേഷ്ഠ മുഖങ്ങളാണ്. അത് അംഗീകരിക്കുമ്പോൾ തന്നെ ആശയവിമർശനം അനിവാര്യതയാണ്. യുക്തിവാദി സംഘങ്ങൾ ഇന്ത്യൻ, ഭാരതം, കേരളം എന്നൊക്കെ പേരിനോട് ചേർക്കുന്നുണ്ട്. അതുമാത്രമേയുള്ളൂ. ദേശീയമായൊരു യുക്തിദർശനം ഇനിയും ഇല്ല. നിരീശ്വരവാദിയല്ലാതെ ഒരൊറ്റയാളും ഈ സംഘടനകളിൽ ഇല്ല. അഥവാ ദൈവനിഷേധിയാണ് യുക്തിവാദി എന്നുവരുന്നു. കഷ്ടം! മനുഷ്യജീവിയുടെ വരദാനമായ യുക്തിയെ അതിന്റെ പ്രഭയെ അംഗീകരിക്കുകയും വളർത്തുകയും ചെയ്യുക. അതോടൊപ്പം സ്ഥാപനവൽക്കരിക്കപ്പെട്ട യുക്തിയെ കയ്യൊഴിയുകയും വേണം. അത് എത്രയും വേഗം സംഭവിക്കുമോ അത്രക്കും നന്ന്. അത്രക്കും അയുക്തിയും അനീതിയും അധർമ്മവും കുറയാനിടയുണ്ട്. പുരോഹിതരിൽനിന്ന് ഗുരുവാണികളെന്നപോലെ യുക്തിവാദികളിൽനിന്ന് യുക്തിയെ വിമോചിപ്പിക്കുന്ന കാലം വരേണ്ടതുണ്ട്.

*സഹോദരഭവനം, അഞ്ചേരി, തൃശൂർ-6*

---

അടുത്തലക്കത്തിൽ
**ഡോ. വി.എസ്. വിജയൻ**
അതിരപ്പിള്ളിയെക്കുറിച്ചെഴുതുന്നു.